Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and the Title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

SHRI K. KOCHUKUTTAN : Sir, I move that the Municipal (Temporary Provisions) Amendment Bill, 1956 be finally passed.

SHRI K. I. VELAYUDHAN : I second it.

The question that the Municipal (Temporary Provisions) Amendment Bill, 1956 be finally passed was put and carried.

The Bill was passed.

The Travancore-Cochin General Sales-tax (Amendment) Bill, 1956.

Home Minister (SHRI A. J. JOHN) : Sir, I beg to introduce the Travancore-Cochin General Sales-tax (Amendment) Bill, 1956.

Minister for Health (SHRI A. A. RAHIM) : I second it.

MR. DEPUTY SPEAKER : The Bill stands introduced.

SHRI A. J. JOHN : Sir, I move that the Travancore-Cochin General Sales-tax (Amendment) Bill be taken up for consideration at once.

SHRI A. A. RAHIM : I second it.

ശ്രീ. എ. ജെ. ജോൺ: സർ, ഇപ്പോൾ നിലവിലുള്ള തിരുവിതാംകൂർ–കൊച്ചി ജനറൽ സെയിൽസ് ടാക്സ് ആക്ടിന്റെ സെക്ഷൻ 3 (1) അനുസരിച്ച് ഒരു കൊല്ലത്തേയ്ക്കുള്ള സെയിൽസ് ടാക്സ് ആ കൊല്ലം അവസാനിക്കുന്നതിനു മുമ്പുതന്നെ ഈടാക്കാമെന്ന വ്യവസ്ഥയുണ്ട്. മദ്രാസിൽ നിലവിലുള്ള നിയമവും ഈ വ്യവസ്ഥകളോടുകൂടിയതായിരുന്നു. 10,000 രൂപയ്ക്കു മേൽ ടേണോവറുള്ള കാര്യത്തിൽ ഒരു കൊല്ലത്തിൽ കൊടുക്കേണ്ടതായ സെയിൽസ്ടാക്സ് മാരേതു മാസവും പിരിക്കത്തക്ക വ്യവസ്ഥകളാണ്, ആ നിയമമനുസരിച്ചു രൂപീകരിച്ചിരുന്നത്. ഈ രൂളുകളിലെ വ്യവസ്ഥകളും മദ്രാസ് സെയിൽസ് ടാക്സ് ആക്ടിലെ വ്യവസ്ഥകളും ഒന്നുപോലെയാണ്. അതനുസരിച്ചു മദ്രാസ് സ്റ്റേറ്റിലും രൂളുകൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ, ഈ രൂളുകളിലെ വ്യവസ്ഥ ആക്ടിലെ വ്യവസ്ഥയനുസരിച്ചല്ല ഉണ്ടായിരിക്കുന്നതെന്നു മദ്രാസ് ഹൈക്കോടതിയിൽ ഒരു വിധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ഉണ്ടായിരിക്കുന്നതുകൊണ്ട് അവിടത്തെ ആക്റ്റ് ഭേദഗതി ചെയ്യണമെന്ന മട്ടാസ് ഗവണ്മെൻറ് തീരുമാനിക്കുകയും, തദനുസരണമായുള്ള ഭേദഗതികൾ ആക്റ്റിൽ വരുത്തുകയും ചെയ്തു.

ഇവിടേയും, ആ അടിസ്ഥാനത്തിൽ ആക്റ്റിൽ ഒരു ഭേദഗതി ആവശ്യമായിട്ടുണ്ട്. മുമ്പു ഇവിടെ ഇതേ സംബന്ധിച്ചു ഭേദഗതി അവതരിപ്പിച്ചപ്പോൾ, ഇതു സംബന്ധിച്ചാവശ്യമുള്ള സമയം ലഭിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട മെംബറന്മാർ അഭിപ്രായപ്പെട്ടതുകൊണ്ട് തൽക്കാലത്തേയ്ക്ക് ആ ഭാഗം മാത്രം മാറ്റിവച്ചു ബാക്കിയുള്ള വകുപ്പുകൾ പാസ്സാക്കണമെന്ന മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ചു മറ്റു ഭാഗങ്ങൾമാത്രം പാസ്സാക്കുകയാണു ചെയ്തത്. അങ്ങനെ ഈ ഭാഗം പിൻവലിക്കുകയും അതേ സമയത്തു അത്യാവശ്യമെന്നു കണ്ടാൽ ഒരാർഡിനൻസ് പുറപ്പെടുവിക്കുന്നതാണെന്നും അന്നു ചീഫ് മിനിസ്റ്റർ പറയുകയുണ്ടായി. അന്ന്, ഈ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട്, ഹൈക്കോടതിയിൽ യാതൊരു അപ്ലിക്കേഷനും വന്നിട്ടില്ലായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ ഒരപ്ലിക്കേഷൻ ഹൈക്കോടതിയിൽ കൊടുത്തിട്ടുണ്ട്. അതിനാൽ, ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതാണ്. ഗവണ്മെൻറ് പുറപ്പെടുവിച്ചിട്ടുള്ള രൂളിനെ സാധുകരിക്കുക എന്ന വ്യവസ്ഥ മാത്രമെ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ ഈ ബിൽ പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

The question that the Travancore-Cochin General sales tax (Amendment) Bill, 1956 be taken up for consideration was put and carried

Clause 2

ശ്രീ. കെ. മഞ്ഞുനാഥപ്പിള്ള: സർ, ഈ ബില്ലിനു ഞാൻ രണ്ടു ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ആദ്യത്തെ ഭേദഗതി ഇതാണ്: In the 3rd line in sub-section (1A) of section 2, add the following :

"on the furnished estimated turnover" after "quarterly instalments"

ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു, മുൻകൂറായി സെയിൽസ് ടാക്സ് പിരിച്ചെടുക്കുവാനുള്ള പ്രൊവിഷൻ ഉണ്ടാക്കുന്നതിനുവേണ്ടിയാണു. അങ്ങനെ പിരിച്ചെടുക്കുമ്പോൾ കച്ചവടക്കാർ കൊടുക്കുന്ന എസ്റ്റിമേറ്റഡ് ടേണോവർ അനുസരിച്ചായിരിക്കണം സെയിൽസ് ടാക്സ് ഈടാക്കേണ്ടതു് എന്നുള്ളതാണു് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. എന്നാൽ കച്ചവടക്കാർ മനഃപൂർവ്വം ശരിയായ സെയിൽസ് ടാക്സ് കൊടുക്കാതിരിക്കാൻവേണ്ടി തെറ്റായ ടേണോവർ കൊണ്ടുവരാം. അങ്ങനെ കൊണ്ടുവരാതിരിക്കുവാൻവേണ്ടിയാണു് ഞാൻ മറ്റൊരു ഭേദഗതികൂടി അവതരിപ്പിച്ചിരിക്കുന്നതു്. ഇതാണു് ആ ഭേദഗതി:

Add after clause (1A) of section 2, the following provision (1) and (2) :—

LIBRARY ARCHIVES Kerala Legislative Assembly

"(1) Provided that the Assessing Authority may impose penal interest at 6% on the difference of tax between the provisional advance assessment and the final assessment of the year.

(2) The assessee can revise his estimated return within three months from the date of filing the first estimated return."

കച്ചവടക്കാർ മനഃപൂർവ്വമായി കുറച്ചു ടേണോവർ കൊടുക്കുന്ന പക്ഷം, ആദ്യത്തെ എസ്റ്റിമേറ്റഡ് ടേണോവറിന്റേയും അവസാന ടേണോവറിന്റേയും വ്യത്യാസത്തിന്മേൽ ആറു ശതമാനം വസൂൽ ചെയ്യുവാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നും, അതുപോലെ മൂന്നുമാസം കഴിയുമ്പോൾ എസ്റ്റിമേറ്റഡ് റിട്ടേൺ റിവൈസ് ചെയ്യുവാനുള്ള അധികാരം ഡീലർക്കും ഉണ്ടായിരിക്കണമെന്നുമാണ് ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിരിക്കുന്നത്.

അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

SHRI A. A. D. LUIZ: Sir, I do not agree with the opinion expressed by hon. Member Shri Prabhu and as such I am obliged to oppose the amendment moved by him. He has levelled the argument that it is a usual custom for Sales-tax officers to reject estimates intimated to them by merchants and to assess in an aribitrary manner. There may be strange cases but I hold that it is not the ordinary procedure. An estimate submitted by a merchant is usually accepted and respected but if there is a conspicuously low figure in the estimate, a reference is made to previous figures and an average adopted as the probable turnover for the future months. There may be some officers who adopt a very inconsistent method but the greater majority are reasonable and they respect the figures indicated by the merchant.

In case this House adopts the amendment moved by the hon. Member, we have to bear in mind that the tax legitimately due to the Government gets accumulated in the possession of the merchant and eventually turns out to be a burden to the merchant. After all the merchant is just an authorised agent who has to collect the specified tax while effecting sales, and to hand it over to the Government. We should be conscious of the fact that the merchant does not go out of pocket for the tax. However, the inconvenience and the loss which the merchant has to tolerate is the fact of having to pay the probable tax that he would or will be collecting during a period of one month. If the hon.

LIBRARY ARCHIVES Kerala Legislative Assembly

[Shri A. A. D. Luiz]

member's amendment is for the protection of the poorer class of merchants, I have to remind him of the fact that merchants with a turnover of less than Rs. 10,000 during a period of 12 months is exempted from the levy of sales-tax on his entire turnover. The hon. mover of the amendment should also be conversant of the fact that a merchant having a turnover of Rs. 50,000 every year has only to pay monthly advances of tax in the region of Rs. 65. The greater number of merchants come within the category of a turnover of about Rs. 25,000 a year and the advance that they have to pay is only in the region of Rs. 35 every month. I would like to remind the honb'le member that tax on tax collected has been discontinued.

By the production of estimates by merchants at the beginning of the year, Government is able to form a more or less rough idea of the probable income that could be obtained under that form of taxation. This information is necessary for the Treasury and for proper budgetting of State finances. We should bear in mind that we have a civil responsibility to encourage and ensure the financial status of the Government. We have to be conscious of the fact that the Government has to render numerous services for the public at large. It is most unfortunate that no instrument has been invented to gauge the maguitude of services. After all, we have to be very conscious of it all.

The hon. mover seems to have ignored the fact that if there is dislocation in the business activities of a merchant and his turnover happens to be less than what it has been estimated, the merchant is entitled to a refund of advances paid by him.

The suggestion to levy interest at 6 percent cannot be accepted because I am advocating the continuance of the present system of sales-tax. I may even boldly state that the existing arrangement for collection of sales-tax is the most convenient form for the merchant and that it should be continued. I oppose the amendment.

ശ്രീ. ജെ. എ. ഷട്ട്: സർ, സെയിൽസ് ടാക്സ് സംബന്ധിച്ചുള്ള ഒരു നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ നിയമത്തിലെ ക്ലാസ് (2) സംബന്ധിച്ച് ശ്രീ. മഞ്ഞനാടപ്പള്ളി ഒന്നു രണ്ടു ഭേദഗതികൾ അവതരിപ്പിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ അവസരത്തിൽ ഇങ്ങനെയുള്ള ഭേദഗതികൾ ആവശ്യമുള്ളതാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു തോന്നുന്നില്ല. അതിനുള്ള കാരണം, ഇന്നു് വിൽപ്പന നികുതി അഡ്വാൻസായി ഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരിക്കുകയാണു്. ഇവ സംബന്ധിച്ചുള്ള കണക്കുകൾ ഓരോ കൊല്ലത്തിൻറെയും അവസാനം മാത്രമേ ഹാജരാക്കാൻ പാടുള്ളൂ എന്നു പറയുന്നതിൽ ചിലപ്പോൾ പല കുഴപ്പങ്ങൾക്കും കാരണമായിത്തീരും. മാത്രമല്ല, ഗവണ്മെൻറിനു സാരമായ നഷ്ടവും നേരിടാൻ ഇടയുണ്ടു്. അതിനും പുറമേ വിൽപ്പന നികുതി സംബന്ധിച്ചു് മദ്രാസ് ഹൈക്കോടതിയിൽ കേസും മറ്റും ഉണ്ടായതുപോലെ ഇവിടെയും ഉണ്ടാകാൻ ഇടയായിത്തീരുമെന്നാണു് എൻറെ അഭിപ്രായം. ആയതിനാൽ ഈ വകയിൽനിന്നും ഒഴിഞ്ഞുമാറി നൽകുന്നതിനു് നിയമപരമായ ഒരു വ്യവസ്ഥ വിൽപനനികുതിയെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കേണ്ടതു് ആവശ്യമായി തീർന്നതുകൊണ്ടാണു് ഗവണ്മെൻറു ഈ ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതു്. നേരെമറിച്ചു് എൻറെ സ്നേഹിതൻറെ ഭേദഗതികളും സ്വീകരിക്കുന്ന പക്ഷം ഞാൻ മുൻപു പറഞ്ഞ വിഷമതകളും ഉണ്ടാകാൻ ഇടയുണ്ടു്. അതുകൊണ്ടു് ആ ഭേദഗതികളും സ്വീകരിക്കാൻ പാടില്ലെന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ രണ്ടു ഭേദഗതികളേയും എതിർക്കുകയാണു് ചെയ്യുന്നതു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മഞ്ഞുനാഥപ്രഭു ഇവിടെ പ്രസ്താവിച്ചതു് ഇങ്ങനെ നേരത്തെതന്നെ ഓരോ മാസവും ടേണോവർ എത്രയാണെന്നു് തീരുമാനിക്കുന്നതുകൊണ്ടു് കച്ചവടക്കാർക്കു് വളരെ പ്രയാസവും, മറവും ഉണ്ടാകും എന്നാണു്. ഈ കാര്യത്തിൽ എനിക്കു പറയാനുള്ളതു് ഓരോ മാസവും ഉള്ള ടേണോവർ എത്രയാണെന്നു് നിശ്ചയിക്കാതെ അവയെല്ലാംകൂടി ആണ്ടവസാനത്തിൽ നിശ്ചയിച്ചു് തീരുമാനിക്കുന്നതിൽ ഭീമമായ ഒരു തുകയാണു് കച്ചവടക്കാർ കൊടുക്കേണ്ടിവരുന്നതു് എന്നാണു്. അങ്ങിനെയായാൽ കച്ചവടക്കാക്കുതന്നെ അതു് ഒരു ഭാരമായി തീരുകയും ചിലപ്പോൾ ഗവണ്മെൻറിനു് ഇടയാക്കാൻ വിഷമതകളും ഉണ്ടാകുകയും ചെയ്യുന്നതാണു്. രണ്ടാമതായി വിൽപനനികുതി മാസംതോറും പിരിച്ചെടുക്കുന്നതാണു് കച്ചവടക്കാക്കും, ഗവണ്മെൻറിനും സൗകര്യമായിട്ടുള്ളതു്. ഏതായാലും ബില്ലിലെയും റൂൾസുകളിലേയും വ്യവസ്ഥകളനുസരിച്ചു് വിൽപന നികുതി ആഫീസർതന്നെയായിരിക്കും ഇതിനെ സംബന്ധിച്ചുള്ള അവസാന തീരുമാനം ചെയ്യേണ്ടതു്. അതനുസരിച്ചാണു് ബില്ലിൽ വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുള്ളതു്. അങ്ങനെ അവസാന തീരുമാനം ചെയ്യാൻ അധികാരമുള്ള ഒരുദ്യോഗസ്ഥൻ മാസംതോറും ടേണോവർ നിശ്ചയിക്കുന്നതുകൊണ്ടു് കച്ചവടക്കാക്കു എന്തു വൈഷമ്യമാണുണ്ടാകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല ഈ ബില്ലിൽ സെക്ഷൻ (2) സംബന്ധിച്ചു റൂൾ അനുസരിച്ചുള്ള ഭേദഗതിയാണു് ഗവണ്മെൻറാവശ്യപ്പെടുന്നതു്. ആ റൂളിൽ പറഞ്ഞിരിക്കുന്നതു് എന്തെല്ലാമാണെന്നുള്ളതു് ഞാൻ ഇവിടെ വായിക്കാം.

Rule 10. If the assessing authority, after making such scrutiny of the accounts of the dealer and such enquiry as such authority may consider necessary, is satisfied that the return submitted under Rule 9 is correct and complete, he

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൻ]

shall fix provisionally on the basis of the return the annual tax or taxes payable at the rate or rates specified in Section 3 or 5 or notified under Section 6.

ഇതിൽ പറഞ്ഞിരിക്കുന്നതു് വില്പനനികുതി പിരിക്കുന്നതിനു വേണ്ടിയുള്ള റിട്ടേൺ ശരിയാണെങ്കിൽ അവ സ്വീകരിക്കുന്നതും, ശരിയല്ലെങ്കിൽ അവയെപ്പറ്റി വേണ്ട അന്വേഷണം നടത്തിയശേഷം തീരുമാനിക്കണമെന്നുമാണു്. അതുകഴിഞ്ഞു്, വർഷാവസാനത്തിൽ വില്പനനികുതിയെ സംബന്ധിച്ചു് അവസാനമായ തീരുമാനം ചെയ്യിരിക്കുകയാണു് ചെയ്യുന്നതു്. ഇനിയും ഞാൻ ഇതിലെ റൂൾ (11) വായിക്കാം.

Rule 11. If no return is submitted by the dealer as required by Rule 9 or if the return submitted by him appears to the assessing authority to be incorrect or incomplete, the assessing authority shall after making such enquiry as he considers necessary, determine the turnover of the dealer to the best of his judgment and fix provisionlly the annual tax or taxes payable at the rate or rates specified in Section 3 or 5 or notified under Section 6.

ഒരുവേള കച്ചവടക്കാർ റിട്ടേൺ സമയത്തിനു അയച്ചില്ലായെന്നുവന്നേക്കാം. അങ്ങിനെ വരുന്ന സന്ദർഭത്തിൽ ആവശ്യമുള്ള അന്വേഷണം നടത്തിയതിനുശേഷം വില്പന നികുതി ഉദ്യോഗസ്ഥനു് ഇതു സംബന്ധിച്ചു് അവസാനമായി ഒരു തുക തീരുമാനിക്കാനുള്ള അധികാരമാണു് റൂൾ 11 കൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇനിയും റൂൾ 12 വായിക്കാം.

Rule 12. Where any return submitted by a dealer appears to the assessing authority to be incorrect or incomplete, the assessing authority shall, before taking action under Rule 11, issue a notice to the dealer calling upon him to produce his accounts and prove the correctness and completeness of his return at a time and place to be specified in the notice.

ഈ റൂൾ അനുസരിച്ചു് അസ്സസ്സിംഗ് അതാറിട്ടി യാതൊരു അടിസ്ഥാനവുമില്ലാതെ തീരുമാനിക്കുകയല്ല ചെയ്യുന്നതു്. അസ്സസ്സിംഗ് അതാറിട്ടിക്കു റിട്ടേണിനെപ്പറ്റി വല്ല സംശയവും ഉണ്ടാകുന്നുവെങ്കിൽ എല്ലാ കണക്കുകളും കച്ചവടക്കാരോടു് ആവശ്യപ്പെടുകയും, അങ്ങിനെ ഹാജരാക്കപ്പെടുന്ന കണക്കുകളും ഒരു സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കിയശേഷം അവസാന തീരുമാനം ചെയ്യുകയുമാണു് ചെയ്യുന്നതു്. അടുത്തതായി റൂൾ 13-ൽ പറയുന്നതു്:

Rule 13. As soon as the tax has been provisionally fixed under Rule 10 or 11 the assessing authority shall issue to the dealer a notice to Form V and the dealer shall pay for each month of the year of assessment one-twelfth of the

LIBRARY ARCHIVES Kerala Legislative Assembly

tax provisionally fixed at the time and in the manner specified in the notice, the monthly instalments due for the months preceding the date of the notice being paid in a lump sum.

അങ്ങിനെ അസ്സസ്സിംഗ് അതാറിട്ടി റിട്ടേണിനെ സംബന്ധിച്ച് അവസാന തീരുമാനം ചെയ്യുശേഷം ആ തുകയുടെ 12-ൽ 1 ഭാഗം വീതം ഓരോ മാസവും അഡ്വാൻസായി കൊടുക്കണമെന്നാണ് ഈ റൂളിൽ പറഞ്ഞിരിക്കുന്നത്. അതു കഴിഞ്ഞു റൂൾ 14-ൽ പറയുന്നതു് ഇപ്രകാരമാണ്.

Rule 14. (1) Every dealer liable to submit a return under Rule 9, except those who have elected to be assessed by the method described in Rule 17, shall, on or before the first day of May in every year submit to the assessing authority of the area in which his principal place of business is situated a return in Form I showing the actual gross and net turnover for the preceding year and the amounts by way of tax or taxes actually collected during that year. He shall also submit a return in From I-A showing the estimated turnover for the current year.

റൂൾ 14-ൽ പറഞ്ഞിരിക്കുന്നതു്, കഴിഞ്ഞ കൊല്ലത്തിൽ ആകെ ടേണോവർ എത്രയായിരുന്നുവെന്നും, അതിൽ എന്ത തുകയാണ് ഈടാക്കിയെടുത്തതെന്നും മറ്റും വിവരിക്കണമെന്നാണ്.

Every dealer not liable to submit a return under Rule 9, who has a net turnover of not less than Rs. 10,000 in any year shall unless he has elected to be assessed by the method described in Rule 17 submit to the assessing authority of the area in which his principal place of business is situated a return in Form I showing the actual gross and net turnover for that year and the amount by way of tax or taxes actually collected during the year on or before the 1st day of May of the succeeding year and thereafter for every year on or before the 1st day of May immediately following such year. He shall also submit a return in Form I-A showing the estimated turnover for the current year.

(2) On the receipt of a return in Form I. the assessing authority shall, if he is satisfied after such scrutiny of the accounts and such enquiry as he considers necessary that the return is correct and complete, finally assess on the basis of the return the tax or taxes payable under Section 3, 5 or 11 (2) or under the notification or notifications issued under Section 6 for the preceding year.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൻ]

(3) If no return is submitted or if the return submitted appears to the assessing authority to be incorrect or incomplete, the assessing authority may, after following the procedure prescribed in Rules 11 and 12 finally assess the tax according to the best of his judgment.

(4) The assessing authority shall, as soon as may be after the 1st May—

(a) make a provisional assessment for the current year on the basis of the Form I return received or where there is sufficient reason on the basis of the Form I-A return received from the dealer under sub-rule (1) or, if such returns are not submitted on or before the 1st May or if the returns so submitted appear to the assessing authority to be incorrect or incomplete, according to the best of his judgment.

(b) issue to the dealer a notice in Form V.

Until an assessee receives such notice of provisional assessment, he shall continue to pay tax as in the preceding year, unless he is not liable to pay tax in the current year. Any tax so paid shall be adjusted when the provisional assessment for the year has been fixed.

മുകളിൽ ഉദ്ധരിച്ച വകുപ്പിൽ പറയുന്നതു്, ഇതു സംബന്ധിച്ചുള്ള നോട്ടീസു് കൊടുക്കണമെന്നു മാത്രമേ ആവശ്യപ്പെടുന്നുള്ളൂ എന്നാണു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മഞ്ജുനാഥപ്രഭു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ കൊണ്ടു് അസ്സസ്സിക്കു് യഥാർത്ഥത്തിൽ യാതൊരുദ്ദേശവും ഉണ്ടാകുന്നില്ലെന്നു കാണുവാനുണ്ടു്. മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതികളും സ്വീകരിക്കുകയാണെങ്കിൽ ആഫീസർ തീരുമാനിക്കുന്ന തുകയും അതോടൊടി 6 ശതമാനം പലിശയും ഇടാക്കേണ്ടതായി വരുന്നതുമാണു്. അങ്ങിനെയുള്ള വ്യവസ്ഥ പൊതുവേ കച്ചവടക്കാർക്കു് ഗുണകരമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ ഭേദഗതികളെ എതിർക്കുകയാണു് ചെയ്യുന്നതു്.

MR. DEPUTY SPEAKER: Mr. Prabhu, do you press your amendment?

SHRI MANJANATHA PRABHU: Yes, Sir.

The amendment was put and lost.

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 3.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

SHRI A. J. JOHN : I move that the Travancore-Cochin General Sales Tax (Amendment) Bill be finally passed.

SHRI K. I. VELAYUDHAN : I second it.

The question that the Travancore-Cochin General Sales Tax (Amendment) Bill be finally passed was put and carried.

The Bill was passed.

The Travancore-Cochin State Aid to Industries (Amendment) Bill, 1956.

Minister for Health (SHRI A. A. RAHIM) : I beg to introduce the Travancore-Cochin State Aid to Industries (Amendment) Bill 1956.

Home Minister (SHRI A. J. JOHN) : I second it.

MR. DEPUTY SPEAKER : The Bill stands introduced.

SHRI A. A. RAHIM : I move that the Travancore-Cochin State Aid to Industries (Amendment) Bill 1956 be taken up for consideration at once.

SHRI A. J. JOHN : I second it.

ശ്രീ. എ. എ. റഹീം : 1952-ൽ സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ആക്ട് പാസ്സാക്കിയെങ്കിലും 1953 ഒടുവിൽ മാത്രമാണ് അതിനാവശ്യമുള്ള നിയമനിർമ്മാണം നടത്തുവാൻ ഇടവന്നിട്ടുള്ളത്. അതിനുവേണ്ടി ഒരു കോട്ട് രൂപീകരിച്ചതു് 1954 മെ യിലാണ്. ആ കാലതാമസത്തിനു പുറമെ അപേക്ഷാഫാറം അച്ചടിച്ചു കിട്ടുന്നതിനുള്ള താമസം വാല്യുവേഷൻ ഫീസ്, ആഡിറ്റഫീസ് ഇവ നിശ്ചയിക്കുന്നതിനുള്ള താമസം മുതലായവ വന്നതുകൊണ്ട് ചില പ്രയാസങ്ങളെല്ലാം നേരിട്ടിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകൾ അനുസരിച്ച് ധനസഹായം ചെയ്യുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly